# സംസ്മൃതി

## ഓർമകളിലെ വിദ്യാലയം
## ഒരു തിരിഞ്ഞു നോട്ടം



**ഒരു നൂറ്റാണ്ടിന്റെ**
**ഗുരു ശിഷ്യ സംഗമത്തിന്റെ കഥ**

**ALUMNAI ASSOCIATION POOTHRIKKA SCHOOL (AAPS)**




1 ആമുഖം

PAGE 02





2 ഓർമ്മ

PAGE 05





3 നേതൃത്വം സുശക്തം

PAGE 13





4 പുതിയ പടവുകളിലേയ്ക്ക്

PAGE 16





5 സ്മരണിക

PAGE 19


Welcome

# CONTENTS

The story behind

# POOTHRIKKA SCHOOL



## ആമുഖം








**ഒരു നൂറ്റാണ്ടിന്റെ ഗുരു ശിഷ്യ ബന്ധമാണ് പൂതൃക്ക ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ. ആ ചരിത്രത്തിന്റെ ആവിഷ്ക്കാരമാണ് അലുംനായ് അസോസിയേഷൻ പൂതൃക്ക സ്കൂൾ (ആപ്സ്) പറയാൻ ശ്രമിക്കുന്നത് .**

ഇത് വെറും ചരിത്രം മാത്രമല്ല , ജീവിതം കൂടിയാണ് . ഒരു നൂറ്റാണ്ടിന്റെ അതിജീവനത്തിന്റെ അപൂർവ്വ കഥ. പൂതൃക്ക ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭാഗമായി ജീവിതത്തിന്റെ വിവിധ തുറകളിൽ കാലമേല്പിച്ച ദൗത്യം തുടരുന്ന പതിമൂവായിരത്തിൽ പരം വരുന്ന സമൂഹം.

കഴിഞ്ഞ കാല ചരിത്രങ്ങൾ അടർന്നുപോകാതെ നിധിപോലെ കാക്കാൻ ഈ തലമുറയ്ക്ക് ആകണം . ആ സംസ്മൃതി ആണ് പൂതൃക്ക ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പൂർവ്വ വിദ്യാർത്ഥി അധ്യാപക സംഗമമായ അലുംനായ് അസോസിയേഷൻ പൂതൃക്ക സ്കൂൾ .

സംസ്മൃതി

# AAPS AT GLANCE

വിദ്യാലയ ഓർമ്മകൾ നന്മയോടെ സ്മരിക്കാൻ കഴിയാത്തവർ ആരും ഉണ്ടാകില്ല . തങ്ങളെ പഠിപ്പിച്ച അധ്യാപകരെ ബഹുമാനത്തോടെയും ആദരവോടെയും സ്മരിക്കുന്ന ശിഷ്യഗണങ്ങളും തങ്ങൾ പഠിപ്പിച്ച വിദ്യാർഥികൾ ഉയരങ്ങൾ കീഴടക്കുന്നത് നിറഞ്ഞ സന്തോഷത്തോടെ നോക്കി കാണുന്ന ഗുരുജനങ്ങളും വളരെ മനോഹര ചിത്രമാണ് രചിക്കുന്നത് .  ജാതി , മതം , രാഷ്ട്രീയം എന്നിവ മാറ്റി നിർത്തി എല്ലാവരെയും ഒന്നിപ്പിക്കാൻ ശക്തിയുള്ള ഒന്നാണ് അറിവിന്റെ മുറ്റം. അത് തന്നെയാണ് ഒരു വിദ്യാർത്ഥിയെ  യാഥാർഥത വിദ്യാലയം പഠിപ്പിക്കുന്നത് .

ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ നൂറുകണക്കിന് അധ്യാപകരും പതിനായിരത്തിൽ പരം ശിഷ്യഗണങ്ങളും ഈ സ്ഥാപനത്തോട് കടപ്പെടുകയാണ് .

തങ്ങൾ കടന്നു വന്ന പാതയിൽ എവിടിയോ വെളിച്ചം പകർന്ന ഒരു കെടാവിളക്കാണ് എന്റെ വിദ്യാലയം എന്ന് പറയുന്നവരായിരിക്കും ഭൂരിഭാഗവും . ആ ഓർമ്മകളെ താലോലിക്കാൻ മറക്കാനാകാത്ത സ്മരണകളിലേക്ക് ഊളിയിടാൻ കൊതിക്കുന്നവർക്ക് ഒന്നിച്ചു ചേരാം - സംസ്മൃതി .

നാളിതുവരെ പൂതൃക്ക സ്കൂളിൽ എന്നെങ്കിലും പഠിച്ച വിദ്യാർത്ഥികളും എപ്പോഴെങ്കിലും പഠിപ്പിച്ച അദ്ധ്യാപകരും ഈ വിദ്യാലയത്തിലെ മുഴുവൻ ഗുരുജനങ്ങളും അണിചേർന്ന് നമ്മുടെ വിദ്യാലയത്തിന് ആശംസകൾ നേരുക എന്നതാണ് അലുംനായ് അസോസിയേഷൻ പൂതൃക്ക സ്കൂൾ (ആപ്സ്) പ്രതീക്ഷിക്കുന്നത് .



3

# അലുംനായ് അസോസിയേഷൻ പൂത്യക്ക സ്കൂൾ (AAPS) ന്റെ പ്രവർത്തനങ്ങളിൽ എങ്ങനെ പങ്കാളികളാകാം?

pn




- നിങ്ങൾ ഈ സ്കൂളിൽ പഠിച്ചിട്ട് ഉണ്ടെങ്കിൽ ഈ ഫോമിൽ വിവരങ്ങൾ നൽകാം. (bit.ly/POOTHRIKKASCHOOL)
- അലുംനി സംബന്ധമായ വിവരങ്ങൾക്കും മീറ്റിൽ പങ്കെടുക്കുവാനും ഈ പേജ് ഫോളോ ചെയ്യുക (bit.ly/AAPSPOOTHRIKKA)
- അസോസിയേഷൻ വാട്സ്ആപ്പ് ഗ്രൂപ്പിൽ ജോയിൻ ചെയ്യാം.
- അലുംനി വിവരങ്ങൾ പ്രവർത്തനങ്ങൾ നിങ്ങളുടെ ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാം
- നിങ്ങളുടെ വാർഡ് മെമ്പറോട് സംസാരിച്ച് ഈ വിവരം എല്ലാവരോടും പറയാനും ഷെയർ ചെയ്യാനും അഭ്യർത്ഥിക്കുക.
- നിങ്ങളുടെ ബാച്ചിന്റെ കോർഡിനേറ്റർ ആകാം.
- നിങ്ങളുടെ ബാച്ചുകളുടെ വാട്സ്ആപ്പ് ഗ്രൂപ്പ് ഇല്ലെങ്കിൽ അത് രൂപീകരിക്കാം. പരമാവധി ആളുകളെ ഇതിൽ പങ്കെടുപ്പിക്കാം.
- അലുംനി പ്രവർത്തനങ്ങളിൽ സഹായിക്കാനും സഹകരിക്കാനും താല്പര്യം ഉണ്ടെങ്കിൽ നിങ്ങളുടെ ബാച്ച് കോർഡിനേറ്റേഴ്സിനെ അറിയിക്കുക,
- അലുംനി അസസോസിയേഷനുമായി ബന്ധപ്പെട്ട് ഒരു തരത്തിലുമുള്ള ധനസമാഹകരണവും നടക്കുന്നില്ല/ആരെയും ചുമതല പെടുത്തിയിട്ടില്ല എന്നത് എല്ലാവരെയും അറിയിക്കുന്നു. എന്തെങ്കിലും ആവശ്യം വന്നാൽ എല്ലാവരുടെയും അറിവിലേക്കായി ഓപ്പൺ ഗ്രൂപ്പുകളിൽ അറിയിക്കുന്നതാണ്.

- അലുംനി ഗ്രൂപ്പുകളിൽ രാഷ്ടീയം, മതം, പരസ്യങ്ങൾ, ഫോർവേടുകൾ, പരിഹാസം, ആശംസകൾ, ഗുഡ് മോർണിംഗ്/നൈറ്റ് തുടങ്ങി സ്കൂൾ/ ആലുംനിയുമായി ബന്ധപ്പെടാത്ത എല്ലാ മെസ്സേജുകളും ഒഴിവാക്കാം. ദയവായി ശ്രദ്ധിക്കണം



WISHES

# നിറഞ്ഞ ഓർമ്മകൾ



ഡോ . ജോയ് വാഴയിൽ IAS
( കേരള ചീഫ് സെക്രട്ടറി

പൂതൃക്ക ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പൂർവ്വ വിദ്യാർഥികൾ സംഘടിപ്പിക്കുന്ന സംസ്മൃതി എന്ന സൗഹൃദ കൂട്ടായ്മയ്ക്ക് എൻറെ ആശംസകൾ.

പൂതൃക്ക എന്ന കൊച്ചുഗ്രാമത്തിന്റെ വിളക്കായി നിലകൊള്ളുന്ന ഒരു വിദ്യാലയമാണ് പൂതൃക്ക ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ. 1975 മുതൽ 78 വരെ മൂന്നു വർഷങ്ങൾ ഇവിടെ പഠിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. വളരെ അധികം ഓർമ്മകൾ സമ്മാനിച്ച ഒരു കാലയളവായിരുന്നു അത് എന്ന് പറയാതിരിക്കുവാൻ വയ്യ . എന്റെ വിദ്യാഭ്യാസ കാലഘട്ടം മുഴുവൻ എടുത്താലും പഠനാനുഭവത്തിന്റെ കാര്യത്തിൽ ഏറ്റവും മികച്ച ഓർമ്മയാണ്, അനുഭവമാണ് ഈ സ്കൂൾ. അന്നത്തെ അധ്യാപകരുടെ അർപ്പണ ബോധവും ആത്മാർത്ഥതയും സ്കൂളിനോടുള്ള പ്രത്യേക താല്പര്യവും എല്ലാം ഇന്നും എന്റെ ഓർമ്മയിൽ തങ്ങി നിൽക്കുന്നു.

സ്കൂളിലെ ഓർമ്മകളാണ് ഇപ്പോഴും പച്ച പിടിച്ചു നിൽക്കുന്നത്. വി ജെ മാത്യൂസ് സാർ എല്ലാ ദിവസവും അസ്സെംബ്ലിയിൽ ഒരു സന്ദേശം നൽകുമായിരുന്നു. തന്റെ ദൗത്യത്തോട് വളരെ അർപ്പണ ബോധം ഉണ്ടായിരുന്ന ഒരു അധ്യാപകനായിരുന്നു മാത്യു സാർ. ഇന്നും അതെല്ലാം ഓർമ്മയിൽ തങ്ങി നിൽക്കുന്നുണ്ട് . എല്ലാ അധ്യാപകരെയും ഇപ്പോഴും സ്മരിക്കുന്നു. പല അധ്യാപകരും പഠ്യേതര പ്രവർത്തനങ്ങളിൽ വളരെ ഉത്സുകരായിരുന്നു . അതെല്ലാം അനേകരെ സ്വാധീനിച്ചിട്ടുണ്ട്. ഭാവിതലമുറയെ വളർത്തി എടുക്കുകയും അവരുടെ മനസ്സുകളെ പുനർ സൃഷ്ടിക്കുകയും അങ്ങനെ സമൂഹത്തിനു ദിശാബോധം നൽകുകയും ചെയ്യുന്ന അധ്യാപകർ "ദേവോ ഭവ" എന്ന ആദരം അർഹിക്കുന്നവർ ആണ് .

പൂതൃക്കയിലെ അറിവിന്റെ വിളക്കാണ് നമ്മുടെ വിദ്യാലയം. അതിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ആശംസകൾ നേരുന്നു .

ജോയ് വാഴയിൽ

# ഓർമ്മ


## മറക്കരുത്

സകലരുമറിയണം, സ്മരണകളോടെ ഹൃദയത്തിൽ സൂക്ഷിക്കണം ആ പേരുകൾ. ഒരാൾ നടുവിലെ വീട്ടിൽ പുരവത്ത് പൈലി, മറ്റൊരാൾ ചേറ്റിക്കുഴി വർക്കി വർക്കി.

പഠിക്കുക എന്നത് ഇക്കാലത്തെപ്പോലെ തന്നെ ഒരു സ്വപ്നം ആയിരുന്നു ആ ജനതയുടേത് . അന്നത്തെ പൂതൃക്ക എന്ന മലയോര ഗ്രാമത്തിന്റെ ഇടുങ്ങിയ പാതകളും നടവരമ്പുകളും താണ്ടിയവർ ഒരു പള്ളിക്കൂടം ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചു പോയിട്ടുണ്ടാകാം. ചിലർ പൂത്തൃക്കയിൽ ഒരു പാഠശാല സ്വപ്നം കണ്ടു തുടങ്ങി. പരസ്പരം ചർച്ചചെയ്തു തുടങ്ങി. കഠിനപരിശ്രമങ്ങൾക്കൊടുവിൽ പൂത്തൃക്കയുടെ ഗ്രാമഹൃദയത്തിൽ, ചെറുതെങ്കിലും കാലഘട്ടത്തിന്റെ ആവശ്യമായിരുന്ന പാഠശാല സ്ഥാപിതമായി. അങ്ങനെയാണ് കുരുന്നുകൾക്കായി ഒരു കുടിപ്പള്ളിക്കൂടം അല്ലെങ്കിൽ ആശാൻ കളരി ഇന്നത്തെ കുന്നക്കാട്ട് മലയുടെ അടിവാരത്തിൽ സ്ഥാപിതമാകുന്നത് .

അന്നത്തെ ആ ദീർഘവീക്ഷണത്തിന്നുടമകളെ ആർക്കെല്ലാമറിയാം. അതോർക്കാൻ ആർക്കാണു നേരം. പക്ഷേ , സകലരുമറിയണം, സ്മരണകളോടെ ഹൃദയത്തിൽ സൂക്ഷിക്കണം ആ പേരുകൾ. ഒരാൾ നടുവിലെ വീട്ടിൽ പുരവത്ത് പൈലി, മറ്റൊരാൾ ചേറ്റിക്കുഴി വർക്കി വർക്കി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലാണ് പൂത്തൃക്ക വിദ്യാലയത്തിന്റെ പിറവിക്കു പാതയൊരുക്കാൻ പുരവത്ത് പൈലിയും ചേറ്റിക്കുഴി വർക്കിയും മുന്നിട്ടിറങ്ങിയത്.








**ചേറ്റിക്കുഴി വർക്കി**

**പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ്**

ഏതിനും ക്രൈസ്തവസഭയായിരുന്നു ഇരുവർക്കും മാർഗ്ഗദീപം. കോട്ടയം ഭദ്രാസനത്തിനു കീഴിലായിരുന്നു പൂത്ത്യക്കയുൾപ്പെടെയുള്ള പ്രദേശങ്ങൾ.പുലിക്കോട്ടിൽ മാർ ദിവന്നാസിയോസായിരുന്നു അന്നത്തെ മെത്രാപൊലീത്ത. പുരവത്ത് പൈലിയും ചേറ്റിക്കുഴി വർക്കിയും കോട്ടയത്തു ചെന്ന് മെത്രാപ്പോലീത്തയെ കണ്ടു. ആശാൻ കളരി മാത്രമാണ് കുഞ്ഞുങ്ങൾക്കാശ്രയമെന്നറി യിച്ചു. പള്ളിക്കൂടം തുടങ്ങാനുള്ള ആഗ്രഹം ബോധിപ്പിച്ചു. സഹായിക്കണമെന്ന് അപേക്ഷിച്ചു.

ഭദ്രാസനാധിപൻ കനിഞ്ഞു. സഭയിൽ നിന്നും ഗ്രാന്റിന് അനുമതിയായി. ഇപ്പോഴത്തെ വെയിറ്റിംഗ് ഷെഡ് സ്ഥിതിചെയ്യുന്ന സ്ഥലത്തിനു പിന്നിൽ അന്നുണ്ടായിരുന്നത് എൻ. വി. ജോസഫിന്റെ കെട്ടിടമായിരുന്നു. അവിടെ സഭയുടെ ഗ്രാന്റോടെ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. കാവുമോളൽ പൗലോസാശാൻ (1908) പ്രധാന ഗുരുനാഥൻ. അക്ഷരാഭ്യാസം മുതൽ ഐ.ടി വരെ നീളുന്ന ഇന്നത്തെ സിലബസൊന്നും അന്നില്ല. ഭാഷ, കണക്ക്, പിന്നെ കുറച്ചു ശ്ലോകങ്ങൾ. പൗലോസാശാനും കുട്ടികളും സോത്സാഹം മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു.



story by

AAPS

7

# ഒരു സർക്കാർ പള്ളിക്കൂടം



*Our* STORY

വർക്കിയും പുരവത്തും കോട്ടയത്തു ചെന്ന് തിരുമേനിയെ കണ്ടു. സർക്കാർ പള്ളിക്കൂടത്തിനായി അപേക്ഷ നൽകാനായിരുന്നു അവിടന്നു കിട്ടിയ നിർദ്ദേശം.

ഇടയ്ക്കിടെ സഭയുടെ ഗ്രാന്റ് മുടങ്ങുന്ന അവസരങ്ങളുണ്ടായി. പാഠശാലയുടെ ശൈശവമാണല്ലോ. ബാലാരിഷ്ടതകൾ തീർച്ച. വർക്കിയും പുരവത്തും കോട്ടയത്തു ചെന്ന് തിരുമേനിയെ കണ്ടു. സർക്കാർ പള്ളിക്കൂടത്തിനായി അപേക്ഷ നൽകാനായിരുന്നു അവിടന്നു കിട്ടിയ നിർദ്ദേശം. സഹായവും വാഗ്ദാനം ചെയ്യപ്പെട്ടു.

രാജഭരണകാലമാണ്. ദിവാനാണ് അധികാരി. പുരവത്തും വർക്കിയും നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോയി. സർക്കാരിനുള്ള അപേക്ഷ യഥാവിധി സമർപ്പിക്കപ്പെട്ടു. ഇന്നത്തെ സ്ക്കൂൾ കോമ്പൗണ്ടിന്റെ തെക്കേ അറ്റം മുതൽ ഇപ്പോഴത്തെ പൂത്തൃക്ക വായനശാല സ്ഥിതിചെയ്യുന്ന ഭാഗം വരെയുള്ള സ്ഥലം അന്ന് പാറ നിറഞ്ഞതായിരുന്നു.

*Education is the passport to the future.*

ആ പറമ്പിൽ 80 അടി നീളത്തിൽ 16 അടി വീതിയിൽ കെട്ടിയുണ്ടാക്കിയ വൈക്കോൽ പുരയിൽ ഒന്നും രണ്ടും ക്ലാസ്സുകൾ തുടങ്ങി. പൂത്ത്യക്കയിൽ ഒരു വിദ്യാലയമെന്ന ആശയത്തിന് അടിത്തറ പാകിയ ആ പഴയ കാലം കൊല്ലവർഷം ആയിരത്തി എൺപത്തി രണ്ടാമാണ്ടെന്ന് പഴമക്കാരുടെ കണക്ക്.

ഇന്നത്തേതു പോലെ, സ്ക്കൂൾ തുടങ്ങിയാൽ തൊട്ടടുത്ത വർഷം അടുത്ത സ്റ്റാൻഡേർഡ് അനുവദിക്കുന്ന രീതിയൊന്നും അന്നുണ്ടായിരുന്നില്ല. ഒന്നും രണ്ടും ക്ലാസ്സുകൾ മാത്രമായി ഏതാനും ചില വർഷങ്ങൾ കടന്നുപോയി. ദിവാന്റെ സന്നിധിയിലേക്ക് അപേക്ഷകൾ പലതുപോയി. കാത്തിരിപ്പിനൊടുവിൽ മൂന്നാം ക്ലാസ്സു തുടങ്ങാനും വിദ്യാലയത്തിന്റെ നടത്തിപ്പ് സർക്കാർ ഏറ്റെടുക്കാനും തീരുമാനമായി. ഇരുപതാം നൂറ്റാണ്ട് രണ്ടാം ദശകത്തിലേക്ക് പദമൂന്നി നീങ്ങുന്ന കാലത്താണ് സർക്കാർ വിദ്യാലയത്തിന്റെ പദവിയിലേക്ക് പള്ളിക്കൂടത്തിനു കയറ്റം കിട്ടിയതെന്നു കണക്കാക്കാം. അതായത് ക്രിസ്തുവർഷം 1913 ൽ പൂത്ത്യക്കയിൽ ഗവൺമെന്റ് സ്ക്കൂൾ സ്ഥാപിതമായി.

ദിവാൻ ഭരണത്തിന്റെ ത.ണലും ജനകീയ ഭരണത്തിന്റെ കൈത്താങ്ങും. ഒമ്പത് പതിറ്റാണ്ടുകൾക്കു മുമ്പ് പൂത്ത്യക്കയിൽ പാഠശാല പിറവി കൊള്ളുന്ന കാലത്ത് കേരളം മൂന്നായി മുറിഞ്ഞു കിടക്കുകയായിരുന്നു. മലബാറിൽ കളക്ടറും തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടു രാജ്യങ്ങളിൽ ദിവാൻമാരുമായിരുന്നു അധികാരികൾ.

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്ന സമ്പ്രദായം ഉദാരമാക്കിയിരുന്നു. നാട്ടു ഭാഷയിലും ഇംഗ്ലീഷിലുമുള്ള സർക്കാർ പ്രാധമിക വിദ്യാലയങ്ങൾ നാടിന്റെ നാനാഭാഗത്തും തുടങ്ങിയത് അക്കാലത്താണ്. ആ അനുകൂല കാലാവസ്ഥയാണ് പൂത്ത്യക്കയിൽ ഒരു പാഠശാലയുടെ പിറവിക്ക് കളമൊരുക്കിയത്.

ദിവാൻ ഭരണത്തിന്റെ തണലിൽ , സുമനസ്സുകളായ പൗരപ്രമുഖരും ആദ്യകാലത്തെ അദ്ധ്യാപകരുമാണ് വിദ്യാലയത്തിന്റെ വികസനത്തിനു നേതൃത്വം നൽകിയത്.

കൊല്ലം തോറും വിദ്യാലയത്തിന്റെ വൈക്കോൽപ്പുര കെട്ടിമേച്ചിൽ നടത്തിപ്പോന്നിരുന്ന ചേറ്റിക്കുഴി വർക്കി വർക്കി, ഉപദേശ നിർദ്ദേശങ്ങളുമായി പുരവത്ത് പൈലി, ആദ്യകാല ആദ്ധ്യാപകരായ അയനാൽ ഗോപാല പിള്ള സാർ, പുളിനാട്ട് മത്തായി സാർ, വേലൻ സാർ എന്നു വിളിക്കപ്പെട്ടിരുന്ന അയ്യപ്പൻ സാർ, വി.ടി. വർക്കി സാർ, അങ്കമാലി സ്വദേശിനി ഏലിയാമ്മ ടീച്ചർ,എന്നിവരുടെ സേവനങ്ങൾ പഴമക്കാരുടെ സ്മൃതി ചിത്രങ്ങളിലൂടെയാണ് നമുക്കിന്നു പകർന്നു കിട്ടുന്നത്.


ഇന്നലെകളിൽ എഴുതിവെക്കാൻ മറന്നുപോയ ചരിത്രത്തിനു ലിഖിതരൂപമുണ്ടാക്കാനുള്ള ഒരുപായം ഓർമ്മയുടെ ചിത്രം നിവർത്തുകയാണല്ലോ. അന്ന് പൂത്ത്യക്ക തിരുവിതാംകൂറിന്റെ ഭാഗം. ഓരം ചേർന്ന് കൊച്ചി രാജ്യ പ്രദേശങ്ങൾ. സ്വാതന്ത്ര്യ സമരത്തിന്റെ ഞാണൊലി എങ്ങും മുഴങ്ങിയിരുന്നു. ഉത്തരവാദ ഭരണത്തിനുള്ള ആവശ്യം ശക്തമായിരുന്നു. ഇന്ത്യ സ്വതന്ത്രമായി. ജനാഭിലാഷങ്ങളുടെ സാഫല്യമായി തിരുവിതാംകൂറും കൊച്ചിയും ചേർന്ന് 1949 ൽതിരു - കൊച്ചി സംസ്ഥാനം രൂപംകൊണ്ടു.



വർക്കി വർക്കി

തിരു-കൊച്ചിയിലെ ആദ്യത്തെ ജനകീയ മന്ത്രി സഭ നിലവിൽ വന്നു. ശ്രീ.ടി.കെ നാരായണപിള്ളയായിരുന്നു മുഖ്യമന്ത്രി. പൂത്ത്യക്കയുൾപ്പെടെയുള്ള മലയോര ഗ്രാമങ്ങളുടെ പ്രതിനിധിയായി ശ്രീ.എൻ.വി. ചാക്കോ (ബി.എ.ബി.എൽ, സി) നിയമസഭാംഗമായി. പൗരപ്രമുഖനായിരുന്ന പുരവത്ത് പൈലിയുടെ സഹോദരൻ പുരവത്ത് വർക്കിയുടെ മകനായ ശ്രീ. എൻ.വി. ചാക്കോ M L C യ്ക്ക് വിദ്യാലയ വികസനത്തിന് ചുക്കാൻ പിടിക്കാനുള്ള യോഗം കാലം ഏൽപിച്ചുകൊടുത്തതായിരുന്നു.

നാലു പതിറ്റാണ്ടോളം നാലാം ക്ലാസ്സുവരെ മാത്രം പഠിക്കാൻ അവസരമൊരുക്കിയ പൂത്തൃക്ക വിദ്യാലയത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകു മുളച്ചു തുടങ്ങി. ഭാരതം സ്വതന്ത്രമായിട്ട് നാലാണ്ടു മാത്രം നീണ്ട അക്കാലം വിദ്യാലയത്തിന്റെ വികസനഘട്ടമായിരുന്നു. മന്ത്രിയായിരുന്ന ശ്രീ. ടി.എം വർഗീസ് മുഖാന്തിരം ശ്രീ.എൻ.വി. ചാക്കോ M L C വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. കുഞ്ഞിരാമനിൽ നിന്നും സഹായം തേടി.




**എൻ.വി. ചാക്കോ**

വിദ്യാലയ വികസനത്തിനായി അമ്പതുശതമാനം സർക്കാർ സഹായത്തനു മന്ത്രി അനുമതി നൽകി. അപ്പർ പ്രൈമറിയായി ഉയർത്തണമെങ്കിൽ ഒരേക്കർ സ്ഥലം വേണം. കെട്ടിട നിർമ്മാണത്തിനായി കഴുക്കോലുകൾ ആഞ്ഞിലിയുടേതാവണമെന്നും പട്ടികയ്ക്ക് തേക്കു തന്നെ വേണമെന്നും സർക്കാരിനു നിർബന്ധം. അമ്പതു ശതമാനം സഹായമേ സർക്കാർ തരൂ. വികസനമോഹങ്ങളുമായെത്തിയവർ ആദ്യം സ്തംഭിച്ചുപോയി.

പക്ഷേ, പിൻമാറേണ്ടിവന്നില്ല. പതിറ്റാണ്ടുകൾക്കു മുമ്പ് പൂത്തൃക്കയ്ക്കു മേൽ അക്ഷര വെളിച്ചത്തിനായി ദീപം കൊളുത്തിയ കൈകൾ ഇക്കുറിയും സഹായത്തിനെത്തി. പള്ളിക്കൂടത്തിന്റെ വികസനത്തിനുള്ള സഹായവുമായി പള്ളി അധികൃധർ മുന്നോട്ടുവന്നു.






പൂത്ത്യക്ക പള്ളിയുടെ അധീനതയിലുണ്ടായിരുന്ന സ്ഥലം ഒരണ പ്രതിഫലത്തിന് വിട്ടുകൊടുക്കാനും നിർമ്മാണ ചെലവുകളുടെ പങ്കു വഹിക്കാനുമുള്ള തീരുമാനം വിദ്യാലയത്തിന്റെ വികസന പാതയിലെ സുപ്രധാനമായ വഴിത്തിരിവായിരുന്നു. നാട്ടുകാർ മുന്നിട്ടിറങ്ങി ധനസമാഹരണവും കൂടി ആയപ്പോൾ കാര്യങ്ങൾ ദ്രുതഗതിയിൽ നീങ്ങി.

വിദ്യാലയം ആരംഭിക്കുന്ന കാലത്ത് പണിത വൈക്കോൽ കെട്ടിടത്തിനു വടക്കു കിഴക്കുള്ള സ്ഥലം ചരിഞ്ഞ് കാടുപിടിച്ച് കിടന്നിരുന്നു. മഴക്കാലത്ത് വടക്കു പുറത്തുകൂടി വെള്ളം കുത്തിയൊഴുകിയിരുന്നു. പിൽക്കാലത്ത് എന്നെങ്കിലും കടന്നുവരാനിടയുള്ള പിഞ്ചോമനകളുടെ പാദപതനങ്ങൾക്കായി കാത്തു കിടന്ന ആ മണ്ണിൽ സഹായ ഹസ്തങ്ങളുടെ താങ്ങോടെ പുതിയ മന്ദിരങ്ങളുയർന്നു. 1945 ൽ അഞ്ചാം ക്ലാസ്സ്, 1950 ൽ ആറ്, 1951 ൽ ഏഴാം ക്ലാസ്സിലേയ്ക്ക് കുട്ടികളെ കയറ്റിയിരുത്തിക്കൊണ്ട് അപ്പർപ്രൈമറിയായി സ്ക്കൂളിന് വികാസ പരിണാമമായി. ദിവാൻ ഭരണത്തിന്റെ തണലിലായിരുന്ന വിദ്യാലയത്തിന്റെ വളർച്ച ജനകീയ മന്ത്രി സഭയുടെ കൈത്താങ്ങിൽ അങ്ങനെ ഉയർച്ചയുമായി.

അടുത്ത ബസ് ഏതാണെന്ന് ദേശവാസികളാരും പരസ്പരം ചോദിക്കാത്ത ഒരു കാലമുണ്ടായിരുന്നു. ആദ്യകാലത്ത് കരിം ഗ്യാസ് വാഹനം (കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിൻ) ആയിരുന്നു. ഓർമ്മയിൽ പൂതൃക്കയിലൂടെ ഓടുന്ന ബസ് പി എസ് എൻ. കൽക്കരി ഉപയോഗിച്ച് കത്തിച്ചാണ് ബസ് ഓടുന്നത് . പറ്റുവേലിൽ ബേബി (പി ജെ എബ്രഹാം) ഓർക്കുന്നു. .
'ബോബിഗോമതി എന്ന ബസ് ആണ് പിന്നെ എല്ലാവരും ഓർക്കുന്നത്
'പുരവത്ത് പൈലിയുടെ അനുജൻ പുരവത്ത് വർക്കിയുടെ മകനായ എൻ. വി. ജോസഫാണ് പൂത്തൃക്കയിലേയ്ക്ക് വികസനത്തിന്റെ പാത വെട്ടിത്തെളിച്ചവരിൽ പ്രധാനി. അദ്ദേഹമാണ് രാമമംഗലം - ചൂണ്ടി റോഡ് യാഥാർത്ഥ്യമാക്കിയത് (1926). അതേതുടർന്ന് വന്നെത്തിയ സൗഭാഗ്യമായിരുന്നു 'ബേബി ഗോമതി' .



എൻ.വി. ജോസഫ്

വിദ്യാലയം അപ്പർ പ്രൈമറിയായി ഉയർത്തിയ കാലത്തു തന്നെയായിരുന്നു വൈദ്യുതിയുടെ വരവ്. 1952ൽ, മകനെ നാവികസേനയിൽ സേവനത്തിനയച്ചതിന് ഒരു പിതാവ് അവകാശമായി ചോദിച്ചുവാങ്ങിയതാണത്രേ വൈദ്യുതി. അത്തരം സഹായങ്ങൾ വിദ്യാലയത്തിനു കിട്ടാൻ പിന്നെയും വൈകി. പക്ഷേ, അക്ഷരസ്നേഹികൾ അറച്ചു നിന്നില്ല. നാട്ടുകാരുടെ പിരിവും അദ്ധ്യാപകരുടെ തുശ്ചമായ ശമ്പളത്തിന്റെ ചെറിയൊരു പങ്കുമൊക്കെ വികസനത്തിനുള്ള ഓഹരിയായിത്തീർന്നു.

ഗുരുശ്രേഷ്ഠരായ പരമേശ്വര പണിക്കരും ശങ്കരവാരിയരും എൻ. ശങ്കരനുമെല്ലാം തങ്ങളാലാവുന്നത്ര വിദ്യാലയ വികസനത്തിനായി പണിയെടുത്തു.സമാന സൗകര്യങ്ങളുള്ള വിദ്യാലയങ്ങൾ കടയിരിപ്പിലും മണീടിലും മാത്രമുണ്ടായിരുന്ന അക്കാലത്ത് തൊട്ടടുത്തുള്ള കുട്ടികളാണ് വിദ്യാ സമ്പാദനത്തിനായെത്തിയിരുന്നത്. അന്നത്തെ അംഗബലം 80 ൽ താഴെ മാത്രം.

# നേതൃത്വം സുശക്തം




## Our STORY

അന്നുതൊട്ട് വിദ്യാലയം ചവിട്ടിക്കയറിയ പടവുകൾ , വികസനത്തിന്റെ മേഖലകൾ എല്ലാം മാത്യു സാറിന്റെ ഓർമ്മ പുസ്തകത്തിൽ മിഴിവുറ്റ ചിത്രങ്ങളാണിപ്പോഴും.

1952 ഒക്ടോബർ 28. രണ്ടു പതിറ്റാണ്ടിലധികം സ്കൂളിലെ പ്രധാനാധ്യാപകനായിരുന്ന വി. ജെ.മാത്യു സാർ പുത്തൻ കുരിശ് സ്ക്കൂളിൽ നിന്നും സ്ഥലം മാറ്റം കിട്ടി സ്ക്കൂളിലെത്തിയത് അന്നായിരുന്നു. സ്ഥലവാസികളുടെ ആഗ്രഹവും സ്നേഹപൂർവ്വമുള്ള നിർബന്ധവും ആ വരവിനു പിന്നിലുണ്ടായിരുന്നെന്നതാണ് വാസ്തവം.

അന്നുതൊട്ട് വിദ്യാലയം ചവിട്ടിക്കയറിയ പടവുകൾ, വികസനത്തിന്റെ മേഖലകൾ എല്ലാം മാത്യു സാറിന്റെ ഓർമ്മ പുസ്തകത്തിൽ മിഴിവുറ്റ ചിത്രങ്ങളാണിപ്പോഴും. അക്കഥകളൊക്കെ പുതിയ തലമുറയ്ക്കായി അദ്ദേഹം പങ്കുവെയ്ക്കുമ്പോൾ അമ്പതാണ്ടുകൾക്കപ്പുറമുള്ള ചരിത്രത്തിന്റെ ചുരുൾ നിവരുകയാണ്. നാട്ടുകാരിൽ നിന്ന് നെല്ല് ശേഖരിച്ചു വിറ്റ് സ്ക്കൂൾ ഫർണാച്ചറുകൾ സംഘടിപ്പിച്ചു .

*Education is what remains after one has forgotten what one has learned in schoo*

തൊഴിൽ വാരങ്ങളിൽ
കുട്ടികളുടെയും അദ്ധ്യാപകരുടെയും
ശ്രമഫലമായി, ചരിഞ്ഞുകിടന്നിരുന്ന
സ്ക്കൂൾ കോമ്പൗണ്ട് മൂന്നു തട്ടാക്കി.
മണ്ണുകൊണ്ട് മാടി, മുളങ്കമ്പുനാട്ടി.
വഴിവക്കിലെ പൊടിശല്യം മൂലം
കിണർവെള്ളം മോശമായപ്പോൾ
താഴെ പുതിയ കിണർ നിർമ്മിച്ചു.
തെക്കേ അറ്റത്തെ
പാറ,എഞ്ചിനീയറുമായുള്ള
സൗഹൃദവും അതമൂലമുള്ള
സ്വാധീനവുമുപയോഗിച്ച് പൊട്ടിച്ചു.
തെക്കുവശത്ത് കയ്യാല,
മുൻവശത്ത് മതിൽ,
അദ്ധ്യാപകരുടെ സഹായത്താൽ
ശൗചാലയങ്ങൾ,
ചോദ്യക്കടലാസ്സുകൾ തയ്യാറാക്കാൻ
സൈക്ലോസ്റ്റൈൽ മെഷീൻ,
സ്ക്കൂളിന്റെ നിലവാരമുയർത്താൻ
പരിശ്രമിച്ച നാളുകളായിരുന്നു
അതെന്ന് മാത്യു സാർ
ഓർമ്മിക്കുന്നു. നല്ലൊരു കളിസ്ഥലം
വേണമെന്നായപ്പോൾ
സഹായവുമായി സർക്കാരിന്റെ
പ്രതിനിധിയായ തഹസീൽദാർ
അന്വേഷണത്തിനെത്തി.




*A good teacher can inspire hope, ignite the imagination, and instill a love of learning."*

സമീപവാസികളിലൊരാളുടെ 75 സെന്റ് സ്ഥലം ഏറ്റെടുക്കാൻ , സ്ഥലമുടമയുടെ വിസമ്മതം പരിഗണിക്കാതെ തഹസീൽദാർ ശിപാർശ ചെയ്തു. “വധഭീഷണിപോലും നേരിട്ടാണ് കളിസ്ഥലം യാഥാർഥ്യമാക്കാൻ കഴിഞ്ഞത് "- മാത്യൂ സാർ ആരോടും പരിഭവമില്ലാതെ കൂട്ടിച്ചേർക്കുന്നു.

കളിസ്ഥലം വന്നതോടെ കുട്ടികൾക്ക് ആവേശമായി. അടുത്തുള്ളവർക്കും അകലെയുള്ളവർക്കും കളിക്കാൻ പ്രത്യേകം ടൈം ടേബിൾ. പലതരം കളികൾ ഉണ്ടായിരുന്നു. വോളീബോൾ, ഫുട്ബോൾ, ബാഡ്മിന്റൻ, റിംഗ് ടെന്നീസ് എന്നിങ്ങനെ. പാമ്പാക്കുടയിൽ നിന്നും പുത്തൻകുരിശിൽ നിന്നുമൊക്കെ പഠിതാക്കൾ എത്തിക്കൊണ്ടിരുന്ന അക്കാലത്ത് ഇന്റർസ്ക്കൂൾ ഗെയിംസിലും വിദ്യാലയം പങ്കാളിയായി. വിജയവും സ്വന്തമാക്കിക്കൊണ്ടിരുന്നു. 1950 കളിൽ വിദ്യാലയത്തിന്റെ മാത്രമല്ല ദേശത്തിന്റെയും വികസനം ലക്ഷ്യമാക്കിയിരുന്നുവെന്ന് മാത്യു സാർ ഓർമ്മിക്കുന്നു.


കിട്ടാനുള്ളതെല്ലാം സ്വന്തമാക്കണമെന്ന ഇച്ഛാശക്തിക്ക് പിന്തുണയുമായി നാട്ടുകാരും മുന്നോട്ടു വന്നു. തിങ്കൾ, വ്യാഴം ദിവസങ്ങളിൽ മാത്രം തപാൽ എത്തിയരുന്ന പൂത്തൃക്കയിൽ 1953 ൽ പുതിയൊരു പോസ്റ്റോഫീസ് സ്ഥാപിക്കാൻ പരിചയക്കാരനായ പോസ്റ്റ്മാസ്റ്ററാണ് സഹായിച്ചത്. പേരിനു മാത്രം പുസതകങ്ങളുണ്ടായിരുന്ന വായനശാലയ്ക്കായി പിരിവെടുത്ത് ആ വർഷം തന്നെ കെട്ടിടം പണിതു. പു്തകങ്ങൾ ശേഖരിച്ചു.


അദ്ധ്യാപകനായിരുന്ന ശ്രീ.വി.ടി. വർക്കി, പൗര പ്രമുഖരായ ശ്രീ.സി.സി. മാണി, ശ്രീ. എം. ചാക്കോപിള്ള തുടങ്ങിയവരുടെ സഹായസഹകരണങ്ങളും വിസ്മരിക്കാനാവില്ലെന്ന് ദീർഘകാലം വാനശാലയുടെ പ്രിഡന്റായിരുന്ന മാത്യു സാർ ഓർമ്മിക്കുന്നു. പുത്തൻകരിശിൽ പ്രവർത്തിച്ചിരുന്ന ടീച്ചേഴ്സ് അസോസിയേഷന്റെ സെന്റർ പൂത്തൃക്ക സ്ക്കൂളിലേയ്ക്ക് മാറ്റി സ്ഥാപിച്ചതും അക്കാലത്തുതന്നെ.

*Our Story*

# പുതിയ പടവുകളിലേയ്ക്ക്

ഒമ്പതാണ്ട് നീണ്ടുനിന്ന പരിശ്രമങ്ങളാണ് വിദ്യാലയത്തെ ഹൈസ്ക്കൂളായി പടികയറാൻ സഹായിച്ചത്. ഹൈസ്ക്കൂളിനായി ആദ്യം അപേക്ഷ നൽകിയത് 1956 ൽ ആയിരുന്നു. 1957,58,59,60,61,62,63 വർഷങ്ങളിലും അപേക്ഷ നൽകി. ഫലമുണ്ടായില്ല. 1964; ശ്രീ.ആർ ശങ്കറാണ് മുഖ്യമന്ത്രി. വിദ്യാഭ്യാസ വകുപ്പിന്റെയും ചുമതല അദ്ദേഹത്തിനു തന്നെ. ഇത്തവണയും അപേക്ഷ നൽകി പ്രതീക്ഷയോടെ കാത്തിരുന്നു. ആദ്യ ലിസ്റ്റിൽ പൂത്തൃക്കയില്ല. മൂവാറ്റുപുഴ എം.എൽ.എ. യും ഭക്ഷ്യ മന്ത്രിയുമായിരുന്ന ശ്രീ. ഇ.പി. പൗലോസിനെക്കണ്ട് സ്ഥലം എം.എൽ.എ. ശ്രീ. എൻ.പി. വർഗീസ് സാർ സഹായം അഭ്യർത്ഥിച്ചു.



അങ്ങനെ രണ്ടാമത്തെ പട്ടികയിൽ പൂത്തൃക്ക വിദ്യാലയം ഹൈസ്ക്കൂളായി ഉയർത്തപ്പെടുന്നതിനുള്ള സാഹചര്യമൊരുങ്ങി. ഈ നേട്ടത്തിനു സഹായിച്ചത് ശ്രീ.എൻ. പി. വർഗീസ് എം.എൽ.എ. യുടെ ഇടപെടൽ തന്നെയായിരുന്നുവെന്നത് പ്രത്യേകം സ്മരണീയമത്രേ. വിദ്യാലയത്തിന്റെ ആരംഭകാലത്ത് അതിനു നേതൃത്വം കൊടുത്ത പുരവത്ത് പൈലിയുടെ പുത്രനാണ് എൻ.പി. വർഗ്ഗീസ്. അതു കാലം തലമുറകളിലേയ്ക്ക് കൈമാറിക്കൊടുത്ത മറ്റൊരു നിയോഗം! പക്ഷെ പുതിയ പ്രശ്നങ്ങൾ തലയുയർത്തി.

*Our best listings for 2021 and the stories behind them*

സംസ്മൃതി







ഹൈസ്ക്കൂളാകണമെങ്കിൽ മൂന്ന് ഏക്കർ സ്ഥലം വേണം. 25 സെന്റ് കുറവുണ്ട്. ശ്രീ.മേലേത്ത് കുഞ്ഞപ്പന്റെ സ്ഥലം പണം കൊടുത്തു വാങ്ങി. ധനസമാഹരണത്തിനാശ്രയം നാട്ടുകാരിൽ നിന്നുള്ള പിരിവു തന്നെ. 1964 ൽ എട്ടാം ക്ലാസ്സ് ആരംഭിച്ചു. അദ്ധ്യാപക -രക്ഷാകർത്തൃ സമിതിയെന്ന സംവിധാനമൊക്കെ വരുന്നത് കാലമേറെക്കഴിഞ്ഞായിരുന്നു. പക്ഷെ പൂർവ്വ വിദ്യാർത്ഥി സംഘടനയുണ്ടായിരുന്നു. വാർഷിക സമ്മേളനങ്ങളിൽ അവരും കലാപരപരിപാടികൾ അവതരിപ്പിച്ചു. അധികമാവേശം കായികമേളയുടെ വേളകളിലായിരുന്നു. ഗാന്ധിജി വിഭാവനം ചെയ്ത അടിസ്ഥാന വിദ്യാഭ്യാസം സ്ക്കൂളുകളിൽ നടപ്പിലാക്കിയപ്പോൾ ഇവിടെയും ഒരു തുണിനെയ്ത്തു കേന്ദ്രം ആരംഭിച്ചു. തൃശൂർക്കാരനായ കെ. എ. അച്യുതമേനോൻ സാറിനായിരുന്നു നേതൃത്വം..

അദ്ധ്യാപക ക്ഷാമം അക്കാലത്തെ വിദ്യാലയങ്ങളുടെ പ്രധാന പ്രശ്നമായിരുന്നു. ഇവിടത്തെ പ്രധാനാധ്യാപകന്റെ അർപ്പണബോധവും വിദ്യാലയത്തിന്റെ പ്രശസ്തിയും അധികൃതരിൽ മതിപ്പുണ്ടാക്കിയിരുന്നതിനാൽ അധ്യാപക തസ്തികൾ പെട്ടെന്നു തന്നെ നികത്തപ്പെട്ടു. കെ. അച്യുതമേനോൻ, ആർ. രാമചന്ദ്രൻ നായർ (ഡ്രിൽ മാസ്റ്റർ), രാമൻ കർത്താ (കണക്ക്), പി.ജി. വർഗീസ് (ഹിന്ദി), എ.കെ. നാരായണപിള്ള (മലയാളം), എന്നിങ്ങനെ സമർത്ഥരായ അദ്ധ്യാപകർ. സ്ഥിരോത്സാഹികളായ കുട്ടികൾ. 1966 – 67 ൽ ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് പരീക്ഷയെഴുതി പാഠശാലയുടെ പടിയിറങ്ങി. (ആദ്യ ബാച്ചിലെ ശ്രീ. എം. വി. ചെറിയാൻ, ശ്രമതി. എം. പി. ലീല എന്നീവർ പിന്നീട് അദ്ധ്യാപകരായി ഇതേ സ്ക്കൂളിൽ നിന്നും റിട്ടയർ ചെയ്തു.)

അന്നൊക്കെ അധ്യാപകരിലധികവും പുരുഷന്മാരായിരുന്നു. വിദ്യാർത്ഥികളിൽ മൂന്നിലൊരുഭാഗം മാത്രമായിരുന്നു പെൺകുട്ടികൾ. രാമമംഗലത്തും പുത്തൻകുരിശിലും ഹൈസ്ക്കൂളുകൾ ഉണ്ടായിട്ടുപോലും കുട്ടികൾക്കിരിക്കാൻ സ്ഥലം തികയാതെ വന്നിരുന്നു. 1960 കളിലും 70 കളിലും പള്ളിക്കെട്ടിടത്തിൽ കുട്ടികളെയിരുത്താൻ പള്ളിയധികൃതരുടെ സന്മനസ്സ് തുണയായി. പൂർവ്വ പുണ്യങ്ങളാണല്ലോ പൂത്തൃക്കയുടെ പൈതൃകം !



1969 ൽ 18 വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം വി. ജെ. മാത്യു സാർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായി പ്രമോഷൻ ലഭിച്ച് മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ടിലേയ്ക്കു പോയി. 1972 മുതൽ എറണാകുളം ജില്ലയിലെ മാറാടിയിൽ മൂന്നു വർഷം. 1974 ജനുവരി നാലാം തിയതി പൂത്തൃക്ക ഹൈസ്ക്കൂളിന്റെ പ്രധാനാദ്ധ്യാപകനായി മാത്യു സാർ മടങ്ങിയെത്തി. 1978 ൽ 30 വർഷത്തെ വിശിഷ്ട സേവനത്തിനു ശേഷം അദ്ദേഹം വിരമിച്ചു. രണ്ടു ദശാബ്ദത്തിലധികം ഈ വിദ്യാലയത്തിന്റെ വികസനത്തിനു നൽകിയ സംഭാവനകളെക്കുറിച്ചു ചോദിച്ചാൽ മൃദു സ്വരത്തിൽ എണ്ണിയെണ്ണിപ്പറയൻ ഏറെയുണ്ട് മാത്യു സാറിന്. ഓരോന്നും പറഞ്ഞു നിർത്തുന്നതിനൊടുവിൽ വിനയാന്വിതമായ ഒരു ചിരി. അഹന്ത ലേശമില്ലാത്ത ആത്മ സംതൃപ്തി കൺകളിൽ.

# സംസ്മൃതി

pn




വിദ്യാലയ വികസനത്തിന്റെ നാൾ വഴികളിൽ പ്രകാശം പരത്തിയ ഗുരു പരമ്പരയുടെ കാലം നൂറ്റാണ്ടോളം നീളുന്നതാണ്. 1964 ൽ ഹൈസ്‌ക്കൂളായശേഷം ഇന്ന് 2021 ൽ എത്തിനിൽക്കുമ്പോൾ അൻപത്തി യാറ് വർഷങ്ങൾക്കുള്ളിൽ 27 പ്രധാനാദ്ധ്യാപകർ സേവനമനുഷ്ഠിച്ചു. അവർക്കൊപ്പം സമഗ്ര സംഭാവനകളാൽ വിദ്യാലയത്തെ സമ്പന്നമാക്കിയ അദ്ധ്യാപക പ്രതിഭകൾ, പൗരപ്രമുഖർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, ദേശവാസികൾ........ നമ്മെ ഇവിടംവരെ എത്തിക്കാൻ തുണച്ചവരുടെ നിര നീളുകയാണ്. 1995 മുതൽ ചെറുതും വലുതുമായ കലയളവുകളിൽ പ്രധാന അദ്ദ്യാപകരായിരുന്ന ശ്രീമതി.കെ. ആനികുര്യൻ, ശ്രീമതി. വി.എൻ ആരിഫ, ശ്രീമതി. പി. എ. ഓമന എന്നിവരുടെ കാലത്ത് ഹയർസെക്കന്ററിക്കായി ശ്രമങ്ങളുണ്ടായി.

2000 ഓഗസ്റ്റ് മൂന്നാം തിയതി ആ സ്വപ്നവും സഫലമായി. പ്രധാന അദ്ധ്യാപികയായ ശ്രീമതി. കെ. പി. തങ്കമ്മ ടീച്ചറുടെ നേതൃത്വത്തിൽ അദ്ധ്യാപകരും അഭ്യുദയകാംഷികളും ഒത്തൊരുമിച്ച് ശ്രമിച്ചതിന്റെ ഫലമായി വിദ്യാലയം വളർച്ചയുടെ മേൽ നിലയിലെത്തി.






ഒരുവശത്ത് ഭൗതിക സാഹചര്യങ്ങളൊരുക്കാൻ ശ്രമം നടക്കുമ്പോൾ മറുവശത്ത് പഠന നിലവാരം ഉയർത്താനുള്ള കഠിനാധ്വാനത്തിനായിരുന്നു വിദ്യാർത്ഥികളും അദ്ധ്യാപകരും. ആ മുന്നേറ്റത്തിന്റെ ഫലമായാണ് 2004 ൽ നൂറുമേനിയുടെ വിജയകിരീടത്തിൽ മുത്തമിട്ടത്. അതെല്ലാം സമീപകാല ചരിത്രമായി നമ്മുടെ കൺമുന്നിലുണ്ട്. പുറമേ നിന്നു നോക്കിയാൽ കാഴചവട്ടത്തിലൊതുങ്ങാത്തത്രയും വിശാലമായ കെട്ടിട സമുച്ചയം, കലാ കായിക രംഗത്തെ അസൂയാർഹമായ നേട്ടങ്ങൾ തുടങ്ങിയവ അടുത്തറിയുന്നവർക്കുമാത്രം ബോധ്യപ്പെടുന്ന , നമ്മുടെ ആത്മ ബലങ്ങളാകുന്നു. ഏറ്റവും നല്ല പി.ടി.എ, മികച്ച പ്രധാന അദ്ധ്യാപകൻ എന്നിങ്ങനെ പുരസ്ക്കാര ജേതാക്കളുടെ കൂട്ടത്തിലും പൂത്തൃക്ക വിദ്യാലയം ഒന്നാം നിരയിൽത്തന്നെ. വിദ്യാഭ്യാസത്തിന്റെ പുതിയ മുഖത്തിന് അരങ്ങൊരുക്കിക്കൊണ്ട് 2006-07 ൽ പ്രീപ്രൈമറിക്കും തുടക്കമായി.

## ഈ സരസ്വതീ ക്ഷേത്രത്തിൽ നിന്നും അക്ഷരപുണ്യമേറ്റുവാങ്ങിക്കൊണ്ട് ജീവിതത്തിന്റെ നാനാ തുറകളിലേയ്ക്ക് പടർന്ന പ്രഗൽഭർ എത്രയെത്ര !

ഓർമ്മകളുടെ ഒരുപാട് അടരുകൾ പിന്നിട്ട് ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലെത്തി നിൽക്കുകയാണ് നാം. നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച നീണ്ട കാലയളവിനുള്ളിൽ ഈ സരസ്വതീ ക്ഷേത്രത്തിൽ നിന്നും അക്ഷരപുണ്യമേറ്റുവാങ്ങിക്കൊണ്ട് ജീവിതത്തിന്റെ നാനാ തുറകളിലേയ്ക്ക് പടർന്ന പ്രഗൽഭർ എത്രയെത്ര ! അവരിൽ ചിലരെയെങ്കിലും പരാമർശിക്കാതെ വയ്യ.

വി. പി. ജോയ് ഐ.എ എസ്, ഡോ.എം. പി. മത്തായി(പ്രമുഖ ഗാന്ധിയൻ,അദ്ധ്യാപകൻ,എം.ജി. സർവകലാശാല ഗാന്ധിയൻ സ്റ്റഡീസ് മുൻ ഡയറക്ടർ),ഡോ.അച്ചൻ അലക്സ്(പ്രൊഫ.കോലഞ്ചേരി മെഡിക്കൽ കോളേജ്), എം. എ സുരേന്ദ്രൻ,ജയകുമാർ ചെങ്ങമനാട് (പ്രമുഖ യുവ കവി), റിയജോയി(യുവ കവയിത്രി)............ സമസ്ത മണ്ഡലങ്ങളിലും നക്ഷത്ര തിളക്കത്തോടെ വിരാജിക്കുന്നവർ ഏറെയുണ്ട്.





നാട്ടിൻ പുറത്തെ ഒരുസർക്കാർ വിദ്യാലയം നേട്ടങ്ങളുടെ നെടുമ്പാതകൾ താണ്ടിയ കഥകളിൽ ചിലതാണ് പറയാൻ ശ്രമിച്ചത്. പുതിയ തലമുറയും ഇക്കഥകൾ അറിയണം. അവർക്കതു പറഞ്ഞുകൊടുക്കാൻ പാഠശാലയിൽ നിന്നു പടിയിറങ്ങിപ്പോയ പതിനായിരങ്ങളുണ്ട്. പൂതൃക്കയുടെ അതിരുകൾക്കപ്പുറത്തേയ്ക്ക് നീളുന്ന ജനസഞ്ചയമുണ്ട്.

'ഭൂതകാലത്തിൽ പ്രഭാവ തന്തുക്കളാൽ ഭൂതിമത്തായൊരു ഭാവിയെ നെയ്കനാം' എന്ന വള്ളത്തോൾ വചനങ്ങളുടെ പൊരുളറിഞ്ഞ് പുതിയവർ പഴയ കഥകൾക്ക് കാതോർക്കട്ടെ. മുന്നിലേയ്ക്കു നീളുന്ന പാതയിൽ അവരുടെ പാദമുദ്രകൾ പതിയാൻ കാലം കാത്തിരിക്കുകയാണ്.

ALUMNI ASSOCIATION POOTHRIKKA SCHOOL
സംസ്മൃതി
AAPS

സംസ്മൃതി

# About the PAST












ജി.എച്ച്.എസ്.എസ്.പൂത്തൃക്ക



TEACHERS 1990




GOVT HIGHER SECONDARY SCHOOL POOTHRIKKA STAFF MEMBERS 2013-2014




GOVT HIGHER SECONDARY SCHOOL POOTHRIKKA STAFF MEMBERS 2012-13
Commemorating To The Noble Service Of Smt. MOLLY GEORGE (PD.Teacher)







സംസ്മൃതി


10 A








സംസ്മൃതി

## 1983 TEACHERS






## FIRST SSLC BATCH (1966-67)

സംസ്മൃതി

story




"When I Say
I Miss School
I Mean My Friends
And The Fun
Not The School"


(L to R) P. K. P. Kartha, K. A. Thambi, K. R. Thankappan, V. V. Mathai, G. Narayana Pillai, K. K. Pathrose, K. U. George, P. K. Kesavan Nair, T. C. Paulose,
V. J. Mathew (Head Master), K. P. Mathai, K. C. Alias, K. U. Ouseph, K. Achutha Menon, V. Ammini, A. P. Aliamma, Ammini Joseph, K. K. Mariam,
Susy Peter.
(L to R) Abraham I. Thengumpally, Mariamma K. V., Kunjamma Kuriakose, Mariamma P. M., Aleyamma T. M., Mariakutty P. V., Mary John, Jolly Kuriachan,
Sheela A. Paul, Kousallia P. R., Leela K. T., Chellamma T. P., Karthika K. A., Aswathi Devi K., Omana K. Peter, Molly M. G.,
Thankamany T. K., Susy P. John, Mercy P. John, Mercy P. Abraham, Sosa K. A., Aleyamma E. M., Leela P. M., Jessy P. John, Molly George,
Santha P. V., Annamma K. P., Karthiyayani P. K., Aliamma K. M., Kamala E. L., Chinnamma K. C.
Bose C. G., George M. Jacob, Chandran K. B., Varghese K. M., Wilson Antony, Raju M. C., Alias T. P., Varghese P. P.,
Paulose N. P., Mathai K. P., George N. M., Sunny K. Paul, Sunny M. Paul, Paul Varghese M., Joy M. K.,
Balakrishnan V. A., Ulahannan A. M., Saju Baby, Peter M. P., Sunny M. Abraham, Mathai M. V., Michal Varghese M.,
Chandran Nair P. K., George A. Paulose, Yacob P. P., Varachan K. K., Varghese K. P., Thankappan T. K., George P. Thomas, Gopalan C.

സംസ്മൃതി

story



# 2002 SSLC BATCH












സംസ്മൃതി


ആദരാഞ്ജലികൾ...


The mediocre teacher tells. The good teacher explains. The superior teacher demonstrates. The great teacher inspires.
someecards
user card


പി കെ ശ്രീധരൻ
ആദരാഞ്ജലികൾ...

സംസ്മൃതി



കെ സി ഏലിയാസ്

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL



വലിയ മറിയാമ്മ

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL



ലഹിത ടീച്ചർ

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL


ഗിരിജ ടീച്ചർ
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


എം പി പോൾ
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


കെ എ തമ്പി കുന്നത്ത്
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


അജിത് പ്രസാദ്
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


ശ്രീദേവി
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


കെ പി പൗലോസ്
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL

സംസ്മൃതി


വി ജെ മാത്യു
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


കെ പി മത്തായി
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


അന്നമ്മ ടീച്ചർ
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL

സംസ്മൃതി



യോഹന്നാൻ സാർ

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL



സരസ്വതി ടീച്ചർ

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL



കെ എ ശോശാമ്മ

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL

സംസ്മൃതി


കുഞ്ഞമ്മ ടീച്ചർ
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


എം സി പൗലോസ്
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL


അമ്മിണി
ആദരാഞ്ജലികൾ...
ALUMNI ASSOCIATION POOOTHRIKKA SHOOL



ഭാർഗ്ഗവിയമ്മ

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL



സി എം മേരി

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL



ശ്രീ എസ് ശങ്കരവാര്യർ

ആദരാഞ്ജലികൾ...

ALUMNI ASSOCIATION POOOTHRIKKA SHOOL



# മറിയാമ്മകുട്ടി ടീച്ചർ (107)

പൂർവ്വ അധ്യാപകരിൽ ഏറ്റവും മുതിർന്ന അധ്യാപിക

ALUMNI ASSOCIATION POOOTHRIKKA SHOOL



നാരായണപിള്ള സാർ



ഏലമ്മ സാർ



ഭാസ്കര പിള്ള സാർ

## മുതിർന്ന അധ്യാപകർ

ALUMNI ASSOCIATION POOOTHRIKKA SHOOL



ടി എ മറിയം



ഭാരതിയമ്മ



കെ പി തങ്കമ്മ

ALUMNI ASSOCIATION POOOTHRIKKA SHOOL


C ഗോവിന്ദൻ കുട്ടി
P A ലീല
തങ്കപ്പൻ
ALUMNI ASSOCIATION POOOTHRIKKA SHOOL


അമ്മിണി
ഏലിയാമ്മ മത്തായി
കമലാക്ഷി
ALUMNI ASSOCIATION POOOTHRIKKA SHOOL


സൂസി
ശ്രീധരൻ
തങ്കമ്മ
ALUMNI ASSOCIATION POOOTHRIKKA SHOOL

സംസ്മൃതി



കെ എസ് വർഗീസ്



കുട്ടിയമ്മ



ബി എ ലളിത





മത്തായി വി വി



O K കാർത്തിയാനി



മഹാദേവ കുറുപ്പ്

ALUMNI ASSOCIATION POOOTHRIKKA SHOOL



തങ്കമ്മ യോഹന്നാൻ



വിഷ്ണു നമ്പൂതിരി



സി സി ജോർജ്

ALUMNI ASSOCIATION POOOTHRIKKA SHOOL

സംസ്മൃതി


M V ചെറിയാൻ
M P ലീല
ജോർജ് വർഗീസ്
ALUMNI ASSOCIATION POOOTHRIKKA SHOOL


സാറാമ്മ
T K ഗ്രേസി
M V ജോൺ
ALUMNI ASSOCIATION POOOTHRIKKA SHOOL


C K ജോർജ്
സായ്
ആലീസ്
ALUMNI ASSOCIATION POOOTHRIKKA SHOOL



കമലാക്ഷിയമ്മ



ലീലാമ്മ പി ജോസഫ്



മേരി ജോസഫ്





രാജ ലക്ഷ്മി



കെ ജെ ജോയ്



സാറാമ്മ


ALUMNI ASSOCIATION POOOTHRIKKA SHOOL



പി വി ജോൺ



രുക്മിണി



ടി എം പൗലോസ്

ALUMNI ASSOCIATION POOOTHRIKKA SHOOL


കിരൺ
കൗസല്യ
വിജയകുമാർ
ALUMNI ASSOCIATION POOOTHRIKKA SHOOL


ബെന്നി
വിനോദ്
എൽദോ
ALUMNI ASSOCIATION POOOTHRIKKA SHOOL


മിനി ഐസക്
ബാലാമണിയമ്മ
ഉഷ
ALUMNI ASSOCIATION POOOTHRIKKA SHOOL



ഷെറിൻ



കലാദേവി



ബിജി





ഉഷാ മേനോൻ



ഷീബ



മായ ദേവി

ALUMNI ASSOCIATION POOOTHRIKKA SHOOL



ഗിരിജ



ഷൈനി



ശാരിക T K

ALUMNI ASSOCIATION POOOTHRIKKA SHOOL

സംസ്മൃതി



മിനി



സിനി ജോയ്



സൂസൻ

ALUMNI ASSOCIATION POOOTHRIKKA SHOOL



എൽസി



തമ്പി



റൂബി

ALUMNI ASSOCIATION POOOTHRIKKA SHOOL



ജോസ് ജോൺ



കെ സി എൽദോ



എൻ എം ലീല

ALUMNI ASSOCIATION POOOTHRIKKA SHOOL



സൂസൻ



രമണി



പീറ്റർ

ALUMNI ASSOCIATION POOOTHRIKKA SHOOL



ബിനു മാർക്കോസ്



രാജേഷ് കുമാർ P



രാജി K K

ALUMNI ASSOCIATION POOOTHRIKKA SHOOL



മായാ റാണി



C V മധുസൂദനൻ



ജാൻസി

ALUMNI ASSOCIATION POOOTHRIKKA SHOOL

ALUMNI ASSOCIATION POOTHRIKKA SCHOOL
സംസ്മൃതി
AAPS



ഷിബു



ഉണ്ണികൃഷ്ണൻ K K



കവിത ടി യൂ





കെ സി ബേബി



സിമി പോൾ



ശ്രീരാജ് മാത്യു

ALUMNI ASSOCIATION POOOTHRIKKA SHOOL



സീമ
HM 2021



A N ഷണ്മുഖൻ
(HM)



ദേവദാസൻ
(HM)

ALUMNI ASSOCIATION POOOTHRIKKA SHOOL



ഗീത

മുൻ പ്രിൻസിപ്പൽ



സദാനന്ദൻ

HM 2009



ബിന്ദു ജി

HM

ALUMNI ASSOCIATION POOOTHRIKKA SHOOL



അബ്ദു സലാം പി കെ
HM 2008



കുഞ്ഞിരാമൻ
HM



ബീനാമ്മ (HM)

ALUMNI ASSOCIATION POOOTHRIKKA SHOOL



ഖദീജ

HM 2020



ബോബി

HM 2013



സുകുമാരി

HM 2021

ALUMNI ASSOCIATION POOOTHRIKKA SHOOL






PLUS TWO TEACHERS

സംസ്മൃതി


പ്രിയ എൻ ആർ


ഡാലിയ പോൾ


മേഴ്സി എം സി


ജീന ചെറിയാൻ


അനിത ആർ


ബീന കെ


ആന്റണി ജോസഫ്


സപർണ ടി എസ്


ഇ കെ വിമല


കിരൺ എസ്


രഘു എം കെ


ദീപ നായർ


ഷീന ജിൻസ്


ജയശ്രീ മാധവൻ


അശോകൻ


ഗീത എം എം



ദിവ്യ ടി


ലില്ലി പി എം

ALUMNI ASSOCIATION POOTHRIKKA SHOOL

സംസ്മൃതി


ഷീന ജിൻസ്
ജയശ്രീ മാധവൻ
അശോകൻ
ഗീത എം എം
ദിവ്യ ടി
ലില്ലി പി എം
ALUMNI ASSOCIATION POOOTHRIKKA SHOOL


മിനി ആർ
സിന്ധു ബാലകൃഷ്ണൻ
വിമല
ഈ ലിസ്റ്റ് പൂർണ്ണമല്ല . മണ്മറഞ്ഞു പോയവരും
ചിത്രം ലഭ്യമാകാത്തതുമായ എല്ലാ
ഗുരുജനങ്ങൾക്കും വന്ദനം
ALUMNI ASSOCIATION POOOTHRIKKA SHOOL






# ABOUT AAPS

# ലക്ഷ്യങ്ങൾ

1. പൂതൃക്ക ഗവൺമെന്റ് സ്കൂളിൽ പഠിച്ച എല്ലാവരെയും പഠിപ്പിച്ച അദ്ധ്യാപകരേയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു വേദിയായാകുക
2. പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ സ്കൂളിന്റെയും നാടിന്റെയും നന്മക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
3. നിശ്ചിത ഇടവേളകളിൽ വിവിധ കൂട്ടായ്മകൾ, റിയൂണിയൻ, പരിപാടികൾ സംഘടിപ്പിക്കുക
4. സ്കൂളുമായി ബന്ധപ്പെട്ട വാർത്തകൾ പുരോഗതികൾ എല്ലാവരിലേക്കും എത്തിക്കുക
5. സ്കൂൾ വിദ്യാർത്ഥികൾ, പൂർവ്വ വിദ്യാർത്ഥികൾ ഇവർക്ക് ആവശ്യമായ മാർഗ്ഗം നിർദ്ദേശങ്ങൾ, നൽകുന്ന മറ്റു പാഠ്യ-പാഠ്യേതര സേവനങ്ങൾ ലഭ്യമാക്കുക
6. മതം, കക്ഷി രാഷ്ട്രീയം, ജാതി, ഭാഷ, ദേശം തുടങ്ങിയ എല്ലാ സമ്മർദ്ദ ഗ്രൂപ്പുകളിൽ നിന്നും തുല്യമായ അകലം പാലിച്ചു കൊണ്ട് ശാസ്ത്രീയവും മാനവീകവും ആയ നിലപാടുകൾ സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

thanks

# AAPS

## *OFFICIALS*





thanks

# AAPS

# Global LifeTime Members





thanks

# AAPS

## Life Time Members





ഡോ. വി. പി . ജോയ് ഐഎസ്



ഡോ. ജോസഫ് ജോൺ



സി എം ജേക്കബ്



സിനോൾ വി സാജു



രമണി കെ എ



കെ എസ് കൃഷ്ണകുമാർ



ഡോ . പോൾ വി മാത്യു



തമ്പി എം പി



സി വി മധുസൂദനൻ

thanks

# AAPS

## Pics speak.......................






Life Time Membership Launch by Dr. V. P . Joy IAS

thanks

# AAPS

## Pics speak.........................



# പൂതൃക്ക സ്കൂളിൽ ചീഫ് സെക്രട്ടറിയുടെ കവിതകൾ കോർത്തിണക്കി സംഗീത രാവ്

കോലഞ്ചേരി: സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ് രചിച്ച കവിതകൾ കോർത്തിണക്കി ഡോ. മണക്കാല ഗോപാലകൃഷ്ണൻ ഒരുക്കിയ ഹരിതം കാവ്യരാഗം സംഗീത രാവ് പൂതൃക്ക ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ നടത്തി. വി.പി. ജോയ് രചിച്ച ആറു കവിതകളാണ് ശാസ്ത്രീയ സംഗീതത്തിന്റെ രാഗതാളങ്ങളോടെ ആവിഷ്ക്കരിച്ചത്.

സംഗീത സംവിധായകനായ ഡോ. മണക്കാല ഗോപാലകൃഷ്ണൻ ആറു രാഗങ്ങളിലായി ചിട്ടപ്പെടുത്തിയാണ് അവതരിപ്പിച്ചത്. കവിതകളുടെ സാഹിത്യ അവതരണം കടമ്മനിട്ട പ്രസന്നകുമാർ നിർവഹിച്ചു.



■ ചീഫ് സെക്രട്ടറി വി.പി. ജോയിയുടെ കവിതകൾ കോർത്തിണക്കിയ സംഗീത രാവിൽ മന്ത്രി പി. രാജീവ് ചീഫ് സെക്രട്ടറിയെ ആദരിക്കുന്നു.

വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് സംഗീത രാവ് ഉദ്ഘാടനം ചെയ്തു. അഡ്വ. പി.വി. ശ്രീനിജിൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. തന്റെ കവിതകൾക്ക് ശാസ്ത്രീയ സംഗീതാവിഷ്ക്കാരം നൽകിയ ഡോ. മണക്കാല ഗോപാലകൃഷ്ണനെ ചീഫ് സെക്രട്ടറി ആദരിച്ചു.

വി.പി. ജോയ് കവിതകൾ അടിസ്ഥാനമാക്കി സംഘടിപ്പിച്ച കവിതാ പാരായണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഞാറള്ളൂർ ബെത്‌ലഹേം സ്കൂൾ ആറാം ക്ലാസ് വിദ്യാർഥിനി പാർവതി ജി. അരീക്കൽ, രണ്ടാം സ്ഥാനം നേടിയ പൂതൃക്ക ജി.വി.എച്ച്.എസ്.എസിലെ പ്ലസ് വൺ വിദ്യാർഥിനി പി.എസ്. ഗൗരി നന്ദന എന്നിവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

ഒന്നാം സ്ഥാനത്തിനർഹമായ കാണാമറ എന്ന കവിത പാർവതി വേദിയിൽ ആലപിച്ചു.

ഡോ. വി.പി. ജോയിയെ ചടങ്ങിൽ പൊന്നാടയണിയിച്ച് മന്ത്രി ആദരിച്ചു. പൂതൃക്ക സ്കൂളിൽ വർണ്ണ വസന്തം പരിപാടിയുടെ ഭാഗമായി സ്കൂൾ ചുമരിൽ ചിത്രരചന നിർവഹിച്ച ആർ.എൽ.വി കോളജിലെ അധ്യാപകരെയും വിദ്യാർഥികളെയും ചടങ്ങിൽ മന്ത്രി ആദരിച്ചു. 18 മണിക്കൂർ കൊണ്ടാണ് സ്കൂളിന്റെ ചുമരുകൾ കേരളീയ ചരിത്രം അടയാളപ്പെടുത്തുന്ന ചിത്രങ്ങൾ കൊണ്ട് മനോഹരമാക്കിയത്.

പൂതൃക്ക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി.പി. വർഗീസ്, ജില്ലാ പഞ്ചായത്തംഗം ലിസി അലക്സ്, ബ്ലോക്ക് പഞ്ചായത്തംഗം രാജമ്മ രാജൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിനി ജോയ്, വാർഡ് അംഗം ടി.വി. രാജൻ, പ്രധാനാധ്യാപകൻ പി. ഗംഗാധരൻ, പി.ടി.എ പ്രസിഡന്റ് കൊച്ചുമോൻ, പൂതൃക്ക പബ്ലിക് ലൈബ്രറി പ്രസിഡന്റ് സി.എം. ജേക്കബ് തുടങ്ങിയവർ പങ്കെടുത്തു. 1978 ലാണ് ഡോ. വി.പി. ജോയ് പൂതൃക്ക ജി.എച്ച്.എസ്.എസിൽ നിന്ന് എസ്. എസ്. എൽ.സി പഠനം പൂർത്തിയാക്കിയത്.

thanks

# AAPS

## Pics speak........................





AAPS Quiz Poothrikka

thanks

# AAPS

## Pics speak........................





ടാറ്റ കൺസൽട്ടൻസി സർവീസസുമായി സഹകരിച്ചു പൂതൃക്ക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ആരംഭിച്ച 'ഗോ ഐടി ഡിജിറ്റൽ നൈപുണ്യ വികസന പദ്ധതി' ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി ഉദ്ഘാടനം ചെയ്യുന്നു. സിനോൾ വി. സാജു, ലിജോ മണ്ണാറപ്രായിൽ, പൂജ ജോമോൻ, ദിനേശ് പി. തമ്പി, കെ. സുദീപ്, ടി.വി. രാജൻ, കെ. എസ്. കൃഷ്ണകുമാർ, മിനി പി. ജേക്കബ്, കെ.ആർ. അനിത, ഡോ. പോൾ വി. മാത്യു തുടങ്ങിയവർ സമീപം.


ട്ട [2 SHOWS] മോൺസ്റ്റർ [2 SHOWS]
**പെരുമ്പാവൂർ ആശിർവാദ് സിനിപ്ലക്സ്–അനിഷ ജയ ജയ ജയ ജയ ഹേ** [11, 2, 6, 9]
**ആശിഷ് മോൺസ്റ്റർ** [11.30, 2.30, 6, 9]
**EVM CINEMA** Studio1 കുമാരി [11, 2, 6, 9] Studio2 അഞ്ചിൽ ഒരാൾ തസ്കരൻ [11, 2, 6, 9] Studio3 ഓട്ടോറിക്ഷക്കാരന്റെ ഭാര്യ [11, 2, 6, 9] Studio4 SARDAR [11, 2] കാന്താര [6, 9]
**പട്ടിമറ്റം J MAX** [A/c 2K Dolby 7.1] മോൺസ്റ്റർ [6.30 PM] ജയ ജയ ജയ ഹേ [11, 2.30, 9.30]
**ആരക്കുന്നം Pan Cinemas** ജയ ജയ ജയ ജയ ഹേ [11, 4.35, 7.20,10.10PM] കുമാരി [1.30, 4.15, 10PM] കാന്താര [M] [10.40, 1.45, 7.10]


### നൈപുണ്യ വികസന പദ്ധതി തുടങ്ങി

**കോലഞ്ചേരി** ● ടാറ്റ കൺസൾട്ടൻസി സർവീസസുമായിസഹകരിച്ച് പൂതൃക്ക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ 'ഗോ ഐടി ഡിജിറ്റൽ നൈപുണ്യ വികസന പദ്ധതി' തുടങ്ങി. ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി ഉദ്ഘാടനം നിർവഹിച്ചു.

പിടിഎ പ്രസിഡന്റ് പൂജ ജോമോൻ അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് മിനി പി. ജേക്കബ്, പ്രിൻസിപ്പൽ ആൻസി ചെറിയാൻ, ടിസിഎസ്-സിഎസ്ആർ ഹെഡ് ലിജോ മണ്ണാറപ്രായിൽ, പഞ്ചായത്ത് അംഗം ടി.വി. രാജൻ, ടിസിഎസ് വൈസ് പ്രസിഡന്റുമാരായ ദിനേശ് പി. തമ്പി, കെ. സുദീപ്, പദ്ധതി കോഓർഡിനേറ്റർ ഡോ. പോൾ വി. മാത്യു, കെ.ആർ. അനിത, എം.കെ. രഘു തുടങ്ങിയവർ പ്രസംഗിച്ചു.

### ഗോ ഐടി ഡിജിറ്റൽ നൈപുണ്യ വികസന പദ്ധതി

കൊച്ചി ● ടാറ്റ കൺസൽറ്റൻസി സർവീസസുമായി (ടിസിഎസ്) സഹകരിച്ചു നടപ്പിലാക്കുന്ന ഗോ ഐടി ഡിജിറ്റൽ നൈപുണ്യ വികസന പദ്ധതിയുടെ കൊച്ചി മേഖലാ ഉദ്ഘാടനം ചീഫ് സെക്രട്ടറി വി. പി. ജോയ് നിർവഹിച്ചു. പഠനത്തിന് അപ്പുറം കുട്ടികളുടെ സർഗാത്മക അഭിരുചികൾ വളർത്തിയെടുക്കുന്നത് അവരെ പോസിറ്റിവ് ചിന്തകളിലേക്കു നയിക്കുമെന്ന് അദ്ദേഹം പറഞ്ഞു.
ചിന്താഗതികൾ പോസിറ്റീവ് ആകുമ്പോൾ ലഹരിമരുന്ന് പോലെയുള്ള വിപത്തുകളിൽ നിന്നു കുട്ടികൾ അകലുമെന്നും കൂട്ടിച്ചേർത്തു.

കുട്ടികളിൽ ശാസ്ത്ര സാങ്കേതിക പരിജ്ഞാനം, കംപ്യൂട്ടർ പരിചയം, സാമൂഹിക പ്രതിബദ്ധത, പ്രശ്നപരിഹാര സമീപനം, സംരംഭകത്വം എന്നിവ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള പദ്ധതി ടിസിഎസിന്റെ സാമൂഹിക പ്രതിബദ്ധത പരിപാടിയുടെ ഭാഗമാണ്. പൂതൃക്ക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പൂർവ വിദ്യാർഥി സംഘടനയായ 'ആപ്സ്' ആണു നേതൃത്വം നൽകുന്നത്.

സ്കൂൾ ഹെഡ്മിസ്ട്രസ് മിനി പി ജേക്കബ് അധ്യക്ഷത വഹിച്ചു. ലിജോ മണ്ണാറപ്രായിൽ, ടി. വി. രാജൻ, ബിജു കെ. ജോർജ്, ദിനേശ് പി. തമ്പി, കെ. സുദീപ്, പി. കെ. ശ്രീകാന്ത്, ഡോ. പോൾ വി. മാത്യു, ആൻസി ചെറിയാൻ, പൂജ ജോമോൻ എന്നിവർ പ്രസംഗിച്ചു.

REDMI NOTE 8
AI QUAD CAMERA

thanks

# AAPS

## Pics speak........................





പൂത്തൃക്ക ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ അലുമ്നി അസോസിയേഷന്റെ ലോഗോ പ്രധാനാദ്ധ്യാപകൻ പി. ഗംഗാധരൻ പ്രകാശനം ചെയ്യുന്നു

### അലുമ്നി അസോസിയേഷൻ രൂപവത്കരിച്ചു

**കോലഞ്ചേരി ▸** പൂത്തൃക്ക ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ അലുമ്നി അസോസിയേഷൻ പ്രവർത്തനം തുടങ്ങി. പ്രധാനാധ്യാപകൻ പി. ഗംഗാധരൻ അസോസിയേഷന്റെ ലോഗോ പ്രകാശനം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം ലിസി അലക്സ്, ഡോ. പോൾ വി. മാത്യു, പി.ടി.എ. പ്രസിഡന്റ് വി.ഒ. കൊച്ചുമോൻ, എം.കെ. രഘു, കെ.എസ്. കൃഷ്ണകുമാർ, സി.എം. ജേക്കബ്, അനീഷ് മാത്യൂസ് മാത്യു, അജി വർഗീസ് എന്നിവർ പ്രസംഗിച്ചു.

സംഘടനയുടെ ആദ്യസമ്മേളനം സെപ്റ്റംബർ അഞ്ചിന് പൂർവ വിദ്യാർഥിയും സംസ്ഥാന ചീഫ് സെക്രട്ടറിയുമായ വി.പി. ജോയി ഉദ്ഘാടനം ചെയ്യും.

### പൂത്തൃക്ക സ്കൂളിൽ പഴയ തലമുറയുടെ ശിശുദിന സമ്മാനം

**കോലഞ്ചേരി ▸** പൂത്തൃക്ക ഗവ. സ്കൂളിലെ 1984-85 എസ്.എസ്.എൽ.സി. ബാച്ചിലെ വിദ്യാർഥികൾ സ്കൂളിലെ നഴ്സറി മുതൽ പത്താം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർഥികൾക്കും സമ്മാനം നൽകി. ഈ ബാച്ചിലെ വിദ്യാർഥിനിയായിരുന്ന ജില്ലാ പഞ്ചായത്ത് മെംബർ ലിസി അലക്സ് സമ്മാനം വിതരണം ചെയ്തു. സ്കൂൾ ഹെഡ്മാസ്റ്റർ പി. ഗംഗാധരൻ അധ്യക്ഷത വഹിച്ചു.

പോസ്റ്റർ മത്സരം, ഫാൻസി ഡ്രസ് മത്സരം, ശിശുദിന ക്വിസ് മത്സരം തുടങ്ങിയ പരിപാടികൾ നടത്തി. സ്കൂൾ വെൽഫെയർ കമ്മിറ്റി ചെയർമാൻ സി.എം. ജേക്കബ്, ബാച്ച് കോ-ഓർഡിനേറ്റർ ഷാമോൻ എന്നിവർ പ്രസംഗിച്ചു.



പൂത്തൃക്ക ഗവ. സ്കൂളിലെ 1984-85 ബാച്ചിന്റെ ശിശുദിന സമ്മാനം ഇതേ ബാച്ചിലെ വിദ്യാർഥിനിയായ ജില്ലാ പഞ്ചായത്ത് അംഗം ലിസി അലക്സ് ഹെഡ്മാസ്റ്റർ പി. ഗംഗാധരന് കൈമാറുന്നു

thanks

# AAPS

## Pics speak.........................



# നിറയെ പൂത്ത മരമായി പൂത്തൃക്ക സ്കൂൾ



ചിത്രമെഴുത്ത് പൂർത്തിയായ പൂത്തൃക്ക ഗവ. ഹയർസെക്കൻഡറി സ്കൂൾ

**സ്വന്തം ലേഖകൻ**

**കൊച്ചി**

ഒറ്റരാത്രി ഇരുട്ടിവെളുത്തപ്പോൾ നിറയെ പൂത്ത മരമായി പൂത്തൃക്ക ഗവ. ഹയർ സെക്കൻഡറി സ്കൂൾ മന്ദിരം. ചൂണ്ടി–രാമമംഗലം റോഡിൽ അഞ്ചേക്കറിൽ പരന്നുകിടക്കുന്ന മൂന്നുനില സ്കൂൾ മന്ദിരത്തിന് ഇപ്പോൾ വസന്തം വിരുന്നെത്തിയ കിഴക്കൻമലയുടെ ചാരുത. അമ്പതോളം കലാകാരന്മാരാണ് കൂറ്റൻകെട്ടിടത്തിന്റെ മുഖമെഴുത്തിനായി ശനി പകലും രാത്രിയുമായി ഇവിടെ ഒത്തുകൂടിയത്. സ്കൂൾ മുറ്റത്ത് പാട്ടും നൃത്തവുമായി നാടും നാട്ടാരും ഉറക്കമിളച്ചതോടെ ചിത്രമെഴുത്തിന് ഉത്സവച്ഛന്തവുമായി.

തൃപ്പൂണിത്തുറ ആർഎൽവി കോളേജിലെ ചിത്രകലാ അധ്യാപകൻ മനു മോഹന്റെ ആശയമാണ് കലാകാരക്കൂട്ടായ്മ യാഥാർഥ്യമാക്കിയത്. ആർഎൽവിയിലെ നാഷണൽ സർവീസ് സ്കീം വളന്റിയർമാർകൂടിയായ 50 ചിത്രകലാ വിദ്യാർഥികളും അധ്യാപകരും ഒപ്പംനിന്നു. നാട്ടുകാരും സ്കൂൾ വിദ്യാർഥികളും അധ്യാപകരും അനധ്യാപകരും പൂർണ സഹകരണം പ്രഖ്യാപിച്ചതോടെ ദൗത്യത്തിന് തുടക്കമായി. സംഘം വെള്ളിയാഴ്ച സ്ഥലത്ത് ക്യാമ്പ് ചെയ്ത് അനുബന്ധസൗകര്യങ്ങൾ ഉറപ്പാക്കി. ശനി രാവിലെ ഒമ്പതിന് സുരക്ഷാ ബെൽറ്റുകൾ ധരിച്ച് നീലയൂണിഫോമിൽ ചിത്രകാരന്മാർ മുഴുവൻ സ്കൂൾ മന്ദിരത്തിന്റെ മൂന്നു നിലകളിൽ നിരന്നു. നിറങ്ങളുടെ വൈവിധ്യത്തിൽ കേരളീയ കലാരൂപങ്ങളെ ചിത്രീകരിക്കുന്ന രചനയ്ക്ക് തുടക്കമായി.

സഹായികളായി സ്കൂളിലെ മുപ്പതോളം വിദ്യാർഥികൾ. പകൽ പിന്നിട്ടതോടെ സ്കൂൾ മതിൽ നിറങ്ങളാൽ നിറഞ്ഞു. സ്കൂൾ മുറ്റം കാണികളാലും. ഹാലജൻ ലൈറ്റുകളും ശബ്ദസംവിധാനങ്ങളും സജ്ജമായതോടെ പാട്ടും നൃത്തവും അകമ്പടി ചേർന്ന് ചിത്രമെഴുത്ത് കൊഴുപ്പിച്ചു. ഞായർ പുലർച്ചെ അഞ്ചോടെയാണ് 8500 ചതുരശ്ര അടി വിസ്തീർണത്തിൽ ചിത്രരചന പൂർത്തിയായത്.

പൊതുവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ മന്ദിരം മോടിപിടിപ്പിക്കാൻ ജില്ലാപഞ്ചായത്ത് പദ്ധതിയിട്ടിരുന്നു. 2014ൽ നിർമിച്ച സ്കൂളിന്റെ ശതാബ്ദി മന്ദിരത്തിന്റെ കുറച്ചുഭാഗത്ത് ചിത്രങ്ങൾ വരപ്പിക്കാനായിരുന്നു പദ്ധതി. മനു മോഹന്റെ നേതൃത്വത്തിൽ ആർഎൽവി കോളേജിലെ എൻഎസ്എസ് യൂണിറ്റ് പങ്കാളിയായി പദ്ധതി വിപുലീകരിച്ചു. ഒരുലക്ഷം രൂപ ജില്ലാപഞ്ചായത്ത് സഹായത്തിനുപുറമെ പെയിന്റും മറ്റും മാങ്ങാൻ സ്പോൺസർഷിപ്പ് സംഘടിപ്പിച്ചു. എമൽഷനും അക്രിലിക് പെയിന്റുമാണ് ഉപയോഗിച്ചത്.

thanks

# AAPS
# പിന്നാമ്പുറ പ്രവർത്തകർ

AAPS



## സി വി മധുസൂദനൻ

ദീർഘകാലം പൂതൃക്ക സ്കൂളിൽ അധ്യാപകനായിരുന്നു . സ്കൂ ൾ ചരിത്രരചനയിൽ നിർണ്ണായക പങ്ക് വഹിച്ചു . അലുംനി അസോസിയേഷൻ പൂതൃക്ക സ്കൂ ളിന്റെ മുൻനിര പ്രവർത്തകരിൽ ഒരാളാണ്. കറുകപ്പിള്ളി ഗവണ്മെന്റ് സ്കൂൾ പ്രധാന അധ്യാപകനായി വിരമിച്ചു .



## അശോകൻ കെ

പൂതൃക്ക സ്കൂൾ അധ്യാപകനാണ് .കേരള ഐ ടി സ്കൂളിൽ മാസ്റ്റർ ട്രെയിനർ ആയിരുന്ന കാലത്ത് സ്കൂൾ ചരിത്ര രചന ഒരു പ്രൊജക്റ്റ് ആയി ഏറ്റെടുക്കുകയും ഡിജിറ്റൽ രൂപം നൽകുകയും ചെയ്തു. എഴുത്തുകാരനാണ്



## ഡോ . പോൾ വി മാത്യു

പൂതൃക്ക സ്കൂളിൽ ഒന്ന് മുതൽ പന്ത്രണ്ട് വരെ പഠിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് P.hD പൂർത്തിയാക്കി. ഡൽഹി മുഖ്യമന്ത്രിയുടെ ഫെല്ലോ ആയി പ്രവർത്തിച്ചിട്ടുണ്ട്. അലുംനി അസോസിയേഷൻ പൂതൃക്ക സ്കൂളിന്റെ ഭാഗമായി സ്മരണിക പൂർത്തീകരിക്കാൻ ചുക്കാൻ പിടിച്ചു. സ്കൈഹൈ എഡ്യൂക്കേഷൻ ഹബ് സ്ഥാപകനും സി ഇ ഓ യും ആണ് .

# സംസ്മൃതി

## ഓർമകളിലെ വിദ്യാലയം
## ഒരു തിരിഞ്ഞു നോട്ടം

## Want to take a membership?

**Lifetime membership fee Rs. 5000**
**Annual Membership fee Rs.500**

**Alumni Association Poothrikka School (AAPS)**
**453801010037142**
**UBI Poothrikka**
**IFSC Code: UBIN0545384**

**ALUMNI ASSOCIATION POOTHRIKKA SCHOOL (AAPS)**
Reg No. EKM/TC/2022
GHSS Poothrikka
E-mail: info@aapspoothrikka.com
www.aapspoothrikka.com